## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5944**     **7.7.2014-ൽ മറുപടിക്ക്**

**കിടപ്പാടമില്ലാത്തവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, വി.പി. സജീന്ദ്രൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗരങ്ങളിൽ സ്വന്തമായി കിടപ്പാടമില്ലാത്ത വരുടെ പുനരധിവാസത്തിന് വീടുകളോ പാർപ്പിട സമുച്ചയങ്ങളോ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | കേന്ദ്ര സർക്കാർ ദേശീയ നാഗരിക ഉപജീവന മിഷൻ (NULM) പദ്ധതി പ്രകാരം നഗരങ്ങളിൽ സ്വന്തമായി കിടപ്പാടമില്ലാത്തവരുടെ പുനരധിവാസത്തിനായി ഷെൽട്ടൽ ഫോർ അർബൻ ഹോംലസ്സ് (SUH) എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) | NULM പദ്ധതി പ്രകാരം നഗരങ്ങളിലെ ഏതു വിഭാഗത്തി ലുംപെട്ട കിടപ്പാടമില്ലാത്ത എല്ലാ ആളുകളേയും ഉൾപ്പെടുത്താവു ന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വരുന്ന തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | NULM പദ്ധതിയുടെ 75% കേന്ദ്ര സർക്കാർ വിഹിതവും, 25% സംസ്ഥാന സർക്കാർ വിഹിതവുമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ധനസഹായം നൽകുന്നവരെ നിയമാനുസൃത നികുതി ഇളവിന് അർഹരാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ